# പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## എട്ടാമത് റിപ്പോർട്ട്

**[കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്]**

(2018 ഫെബ്രുവരി 6 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

**എട്ടാമത് റിപ്പോർട്ട്**

**[കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്]**

(2018 ഫെബ്രുവരി 6 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

322/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| സമിതിയുടെ ശിപാർശകൾ | .. | 4 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

**ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. മുല്ലക്കര രത്നാകരൻ.

അംഗങ്ങൾ:

ശ്രീ. അനിൽ അക്കര

ശ്രീ. പി.വി. അൻവർ

ശ്രീ. കെ.ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു. കെ. എ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബ വർഗീസ്, അണ്ടർ സെക്രട്ടറി.

# ആമുഖം

കേരളം പോലെ പരിസ്ഥിതിലോല പ്രദേശങ്ങൾ ധാരാളമുൾക്കൊള്ളുന്നതും ജനസാന്ദ്രത വളരെ വലിയതോതിൽ കാണപ്പെടുന്നതുമായ സംസ്ഥാനങ്ങളിൽ ജന ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ നിലനിർത്തുക എന്നത് ദുഷ്കരമാണ്. മനുഷ്യസമൂഹത്തിന്റെ സുഖകരമായ ജീവിതവും പരിസ്ഥിതിയുടെ സന്തുലനവും പരസ്പരപൂരകങ്ങളായി കൊണ്ടുപോയാൽ മാത്രമേ ജീവസമൂഹത്തിന് നിലനിൽപ്പുള്ളൂ എന്ന വസ്തുത മറക്കുവാൻ പാടില്ല. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം തകർത്ത് ജീവനുകൾ നഷ്ടപ്പെടുത്തുന്ന മഹാദുരന്തങ്ങൾ ഉണ്ടാക്കുവാൻ സാധ്യതയുള്ള വ്യവസായ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങൾ കരുതലോടെ നടപ്പാക്കേണ്ടതുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങൾ മുഖേന ജീവിതം നയിക്കുന്ന മനുഷ്യരുടെ കാര്യവും പരിഗണനയർഹിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ കാര്യമെടുത്താൽ കാർഷിക സമ്പത്ത് കൊണ്ടും മത്സ്യസമ്പത്ത് കൊണ്ടും സമ്പന്നമായിരുന്ന കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലുള്ള ആലപ്പാട് പഞ്ചായത്ത് പ്രദേശം ഇന്ന് ഒരു പ്രതിസന്ധി ഘട്ടത്തിലാണ്. ഇന്ത്യൻ റയർ എർത്ത്സ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന കരിമണൽ ഖനനംമൂലം ആ സ്ഥലങ്ങൾ നേരിടുന്ന വിവിധ ഭീഷണികൾ സംബന്ധിച്ച് സമിതിയ്ക്ക് ബോദ്ധ്യമുണ്ട്. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016) മുമ്പാകെ ആലപ്പാട് പ്രദേശം നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സമിതി 2017 ജൂലൈ 13-ാം തീയതി കൊല്ലം കളക്ടറ്റിൽ വച്ചും 19-9-2017-ൽ തിരുവനന്തപുരത്ത് വച്ചും വിവിധ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 ഫെബ്രുവരി 2-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി, 2.

# റിപ്പോർട്ട്

വ്യവസായ വികസനം ലക്ഷ്യം വെയ്ക്കുമ്പോൾ നാം പലപ്പോഴും പരിസ്ഥിതിയെ ശ്രദ്ധിക്കാറില്ല. വ്യവസായങ്ങൾക്ക് പരിസ്ഥിതിയുമായി യാതൊരു ബന്ധവുമില്ലെന്ന ധാരണയിൽ വ്യവസായ സംവിധാനത്തിന്റെ ലാഭനഷ്ടക്കണക്കിൽ പരിസ്ഥിതി രക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താറില്ല എന്നതാണ് പൊതുവേ കാണപ്പെട്ടുവരുന്നത്. രക്ഷാസംവിധാനം ഏർപ്പെടുത്തിയാൽ ഉണ്ടായേക്കാവുന്ന ചെലവുകൾ ഒരു പക്ഷെ വ്യവസായത്തിന്റെ തകർച്ചയ്ക്കും കാരണമായേക്കാം. ആദ്യം കയ്ക്കുകയും പിന്നെ മധുരിക്കുകയും ചെയ്യുന്ന നെല്ലിക്ക പോലെ പരിസ്ഥിതിയുടെ നിലനിൽപ്പിന് വേണ്ടിയുള്ള ഈടുറ്റ നിർദ്ദേശങ്ങൾ നമ്മുടെ മുന്നിലുണ്ട്. അവയോരോന്നും അവഗണിച്ചാൽ ജീവജാലങ്ങൾ ഭൂമുഖത്തുനിന്നും തുടച്ചു നീക്കപ്പെടും. അത്തരത്തിലുള്ള ഗുരുതര ഭീഷണി നിലനിൽക്കുന്ന ഒരു വിഷയമാണ് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സംബന്ധിച്ചുള്ളത്. ഒരു കാലത്ത് 17 കിലോമീറ്റർ നീളവും 1 കിലോമീറ്ററിലധികം വീതിയും ഉണ്ടായിരുന്നതും, അറബിക്കടലിനും ടി.എസ്. കനാലിനും ഇടയിൽ സ്ഥിതിചെയ്യുന്നതുമായ ആലപ്പാട് പഞ്ചായത്തിന്റെ വീതി അനിയന്ത്രിതമായ ഖനനംമൂലം ഇപ്പോൾ ചിലയിടങ്ങളിൽ 100 മീറ്റർ പോലും ഇല്ലാതായതായി സമിതിക്ക് സമർപ്പിക്കപ്പെട്ട നിവേദനങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. നിരവധി ആരാധനാലയങ്ങളും കുളങ്ങളും കാവുകളും നിറഞ്ഞു നിന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനസമൂഹം തിങ്ങിപ്പാർക്കുന്നതുമായിരുന്ന ഈ പ്രദേശത്തിന്റെ 80%-വും കരിമണൽ ഖനനംമൂലം ഇല്ലാതായതായും ഈ പ്രദേശത്തെ ടി.എസ്. കനാലും അറബിക്കടലും ഒന്നായേക്കുമെന്ന അവസ്ഥ നിലനിൽക്കുന്നതായും ഇനിയും ഖനനം തുടർന്നാൽ ആലപ്പാട് മാത്രമല്ല കരുനാഗപ്പള്ളി താലൂക്കിലെ മറ്റ് പല പ്രദേശങ്ങളും, റ്റി.എസ്. കനാലിന് കിഴക്ക് ഭാഗത്തുള്ള ഓണാട്ടുകര ഉൾപ്പെടെ അപ്പർ കുട്ടനാട് വരെയുള്ള കാർഷിക ജനവാസമേഖല കടലെടുക്കുമെന്നും അവിടുത്തെ ജനങ്ങൾ ആശങ്കപ്പെടുന്നു. ഇതിനോടകംതന്നെ 5000 ത്തോളം ജനങ്ങൾ ആലപ്പാട് വിട്ട് മാറിത്താമസിക്കുന്നതായും പരാതികളിൽ പറയുന്നു. ഖനനംമൂലം തീരത്തുണ്ടായ ജൈവഘടനയിലെ മാറ്റം വൻതോതിലുള്ള മത്സ്യശോഷണത്തിനും അതുമൂലം ജനങ്ങളുടെ തൊഴിൽ സാധ്യതകളുടെ അപകടകരമായ കുറവിനും, കണ്ടൽക്കാടുകളുടെയും ജലസ്രോതസ്സുകളുടെയും നാശം എന്നിങ്ങനെ മറ്റ് നിരവധി പ്രശ്നങ്ങൾക്കും കാരണമായതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

കരുനാഗപ്പള്ളി താലൂക്കിലെ കടലോര പ്രദേശമായ ആലപ്പാട് പഞ്ചായത്തിലെ വെള്ളനാതുരുത്തിലും പന്മന പഞ്ചായത്തിലെ പൊൻമനയിലും അയണിവേലിക്കുളങ്ങരയിലും പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റയർ എർത്ത്സ് ലിമിറ്റഡും, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും വർഷങ്ങളായി കരിമണൽ ഖനനം നടത്തിവരുന്നുണ്ട്. 2020 വരെ

ഖനനം തുടരുന്നതിന് IREL-ന് അനുവാദമുണ്ടെന്ന് കമ്പനി ജനറൽ മാനേജർ തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ ബോധിപ്പിച്ചിരുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പരിസ്ഥിതി സംരക്ഷണ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഖനനത്തിന് അനുമതി നൽകിയിട്ടുള്ളതെങ്കിലും വ്യവസ്ഥകൾ അനുസരിച്ചല്ല കമ്പനികൾ പ്രവർത്തിക്കുന്നതെന്ന് പരക്കെ ആക്ഷേപമുണ്ട്. CRZ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ല എന്ന കേന്ദ്രഗവൺമെന്റിന്റെ വ്യവസ്ഥ നിലനിൽക്കെ ആലപ്പാട് പ്രദേശത്ത് പ്രസ്തുത കമ്പനിയുടെ തന്നെ ഒരു ഗോഡൗൺ നിർമ്മിച്ചിട്ടുള്ളതായി സമിതി കണ്ടെത്തി. പ്രദേശവാസികളുടെ സമ്മതമില്ലാതെ ഖനന പ്രദേശത്തുണ്ടായിരുന്ന ഒരു ക്ഷേത്രവും ഒരു വിദ്യാലയവും മാറ്റി സ്ഥാപിച്ചിട്ടുള്ളതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇതെല്ലാം ജനങ്ങളുടെ പരാതികൾക്ക് മതിയായ അടിസ്ഥാനമുണ്ട് എന്നാണ് തെളിയിക്കുന്നതെന്ന് സമിതി കരുതുന്നു.

ഖനനത്തിന് ശേഷം ഖനനപ്രദേശം പ്രത്യേക ഭാഗങ്ങളായി തിരിച്ച് ഹരിതമേഖലയാക്കണമെന്നും വട്ടക്കായലിന് സമീപമുള്ള പ്രദേശങ്ങൾ കണ്ടൽ ചെടികൾ വെച്ച് പിടിപ്പിച്ച് ഹരിതാഭമാക്കണമെന്നുമാണ് വ്യവസ്ഥയെങ്കിലും, ഖനനംമൂലം സ്വാഭാവികമായ കണ്ടൽക്കാടുകൾ ആലപ്പാടിന് നഷ്ടമായി എന്നുമാത്രമല്ല തീര സംരക്ഷണത്തിന്റെ ഭാഗമായി വെച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങളും നഷ്ടപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഖനനാനുമതി നൽകുന്നതിന് മുമ്പുണ്ടായിരുന്ന ആലപ്പാട് പഞ്ചായത്തിലെ 21- ഓളം റീസർവ്വേ നമ്പറുകളിലുണ്ടായിരുന്ന 80 ചതുരശ്ര കിലോമീറ്റർ പ്രദേശം ഇല്ലാതായി എന്ന നാട്ടുകാരുടെ പരാതി ഒരളവുവരെ ശരിയാണെന്ന് സമിതി വിലയിരുത്തുന്നു. ഇതിൽ ഖനന പ്രദേശത്ത് ശുദ്ധ ജലം ലഭ്യമാക്കിയിരുന്ന തണ്ണീർതട പ്രദേശങ്ങളും കിണറുകളും മറ്റ് ഉറവകളും ഉണ്ടായിരുന്നു. 2004-ൽ ഉണ്ടായ സുനാമിയിൽ കേരളത്തിൽ വളരെയേറെ നാശനഷ്ടങ്ങളും ആളപായവും ഉണ്ടായ സ്ഥലങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം ആലപ്പാട് മേഖലയ്ക്കായിരുന്നു. ഈ പ്രദേശത്തുണ്ടായിരുന്ന പ്രകൃതിദത്തമായ മണൽകുന്നുകൾ ഖനനംമൂലം ഇല്ലാതായതിനെ തുടർന്ന് കടലാക്രമണ പ്രതിരോധശേഷി നഷ്ടപ്പെട്ടിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

ഈ പ്രദേശത്തെ കരിമണൽ ഖനനംമൂലം കുടുംബങ്ങൾ ഭൂരഹിതരാകുകയും പരമ്പരാഗതമായി മത്സ്യബന്ധനമേഖല ഉപജീവന മാർഗമാക്കിയിരുന്ന ജനങ്ങൾ വിദൂര പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർക്കാൻ നിർബന്ധിതരായെന്നുമുള്ള ജനങ്ങളുടെ ആവലാതികൾ സംബന്ധിച്ച് വിവിധ വകുപ്പ് തലവന്മാരിൽ നിന്നും സമിതി തെളിവു ശേഖരിച്ചു. ഖനനപ്രദേശത്തിന്റെ തീരത്തോട് ചേർന്ന് എക്കലും ചെളിയും അടിഞ്ഞുകൂടി കഴന്യൂത്രപത്തിലായി കാണപ്പെടുന്നുവെന്ന തദ്ദേശവാസികളുടെ പരാതിയും സമിതി നിരീക്ഷിച്ചു. ആലപ്പാട് മേഖലയിൽ മത്സ്യ സമ്പത്തിന്റെ പ്രജനനത്തിന് ദോഷം വരുന്നതായും തീരത്തുള്ള കഴന്യൂത്രപത്തിലുള്ള മാലിന്യ നിക്ഷേപം ഖനന ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണെന്നും സമിതി കണ്ടെത്തി.

കേന്ദ്ര സർക്കാർ 17-4-2007-ൽ ഇറക്കിയ ഉത്തരവ് പ്രകാരവും സംസ്ഥാന സർക്കാർ 8-6-2007-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും കൊല്ലം ജില്ലയിലെ ആലപ്പാട്, പൊൻമന, അയണിവേലിക്കുളങ്ങര എന്നീ വില്ലേജുകളിലെ 160 ഹെക്ടർ പ്രദേശം 20 വർഷത്തേക്ക് ഖനനം നടത്തുന്നതിന് ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നതായി രേഖകളിലൂടെ വ്യക്തമാണ്. ഈ അനുമതി വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നൽകിയിരുന്നതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള ഖനന പ്രവർത്തനമാണ് തുടക്കം മുതലേ നടക്കുന്നതെന്ന് പരിസരവാസികളുടെ പരാതികൾ സമിതിയ്ക്ക് ലഭിച്ചിട്ടുണ്ട്.

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് IREL കരിമണൽ ഖനനം നടത്തുന്നതെന്നും കമ്പനിയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ജനങ്ങളുടെ അടിസ്ഥാന സൗകര്യപ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നുണ്ടെന്നും ഖനനം നടത്തുന്ന പ്രദേശത്ത് പുലിമുട്ട് സ്ഥാപിക്കുവാനുള്ള പദ്ധതി നടപ്പിലാക്കുവാൻ സർക്കാരുമായി കരാർ ഒപ്പിട്ടിരിക്കുകയാണെന്നും ലീസിനെടുക്കുന്ന സ്ഥലത്ത് 3 വർഷം ഖനനം നടത്തിയതിനു ശേഷം ജി.പി.എസ്. സഹായത്തോടെ പൂർവ്വസ്ഥിതിയിലാക്കി ഉടമസ്ഥർക്ക് തിരികെ നൽകുന്ന പദ്ധതി നടപ്പിലാക്കുവാൻ പോകുകയാണെന്നും കഴിഞ്ഞ 10 വർഷങ്ങളായി കമ്പനി ശാസ്ത്രീയമായ രീതിയിലാണ് ഖനനം നടത്തുന്നതെന്നും സംസ്കരണം നടത്തിയതിനു ശേഷമുള്ള മണ്ണ് കൊണ്ട് ഫില്ലിംഗ് നടത്തി വരുന്നതായുമുള്ള ഒരു വിഭാഗം പരിസരവാസികളുടെ അഭിപ്രായവും സമിതി ഗൗരവത്തോടെ കണക്കിലെടുക്കുന്നു.

കഴിഞ്ഞ 50 വർഷങ്ങളായി IREL ഖനനം ചെയ്യുന്ന സ്ഥലങ്ങൾ ഖനനത്തിന് ശേഷം ചുറ്റുമുള്ള പ്രദേശങ്ങളുടെ ലെവലിൽ വീണ്ടെടുപ്പ് നടത്തണമെന്ന് അനുമതി ഉത്തരവിൽ പറയുന്നുണ്ടെങ്കിലും അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഖനനം നടത്തുമ്പോൾ ഉണ്ടാകുന്ന മണ്ണൊലിപ്പ് തടയുന്നതിന് ജലവിഭവ വകുപ്പുമായി ചേർന്ന് 9 കോടിയുടെ പദ്ധതിയ്ക്ക് കമ്പനി രൂപം നൽകിയിട്ടുണ്ടെന്നും അത് താമസിയാതെ പൂർത്തിയാകുമെന്നും കമ്പനി ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്.

IREL പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിൽക്കേണ്ടത് സാമൂഹിക ഉത്തരവാദിത്തത്തിന്റെ ഭാഗമാണെന്നും കമ്പനിയുടെ ലാഭവിഹിതത്തിന്റെ ഒരു പങ്ക് ആലപ്പാട് പ്രദേശത്തിന്റെ സാമൂഹിക പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടതാണെന്നും ഖനനമേഖലയിൽ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൃത്യമായി നഷ്ടപരിഹാരം നൽകുവാനും മേഖലയിൽ സമാധാന അന്തരീക്ഷം നിലനിർത്തുവാനുമുള്ള ശ്രമം IREL-ന്റെ ഭാഗത്ത് നിന്നും ഉണ്ടാകണമെന്നുമുള്ള പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായവും സമിതി സൂക്ഷ്മതയോടെ പരിശോധിച്ചു.

ഡ്രെഡ്ജിംഗ് നടത്തി മണലെടുത്താൽ ഭൂവിസ്തൃതി നഷ്ടപ്പെടുമെന്നും ലീസ് എഗ്രിമെന്റിലെ വ്യവസ്ഥയനുസരിച്ച് ചവറ പുത്തൻതുറയിൽ ചെയ്യുന്നതുപോലെ ഡ്രെഡ്ജിംഗ്

ചെയ്തതിനശേഷം റീഫിൽ ചെയ്ത് മരങ്ങളുൾപ്പെടെ നട്ടുപിടിപ്പിച്ചതിന ശേഷം ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകിയാൽ ജനങ്ങളുടെ ഭാഗത്ത് നിന്നും എതിർപ്പ് ഉണ്ടാകില്ലെന്നും എന്നാൽ കടൽതീരത്ത് നിക്ഷേപിക്കപ്പെടുന്ന മണൽ കോരിയെടുക്കുന്ന സീവാഷ് രീതിയിലുള്ള ഖനനം പാടില്ല എന്നുമുള്ള അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ആലപ്പാട് പ്രദേശത്തും അതേ മാതൃകയാണ് തുടരേണ്ടതെന്നുമുള്ള പരിസരവാസികളുടെ അഭിപ്രായം സമിതി കണക്കിലെടുക്കുന്നു. ലാൻഡ് മൈനിംഗ് നടത്തിയ സ്ഥലങ്ങളിലെ കുഴികൾ റീഫിൽ ചെയ്തിട്ടില്ല എന്ന് അധികാരികൾ തന്നെ സമ്മതിച്ചിട്ടുണ്ട്. കുറഞ്ഞത് ആറുമാസത്തേക്കെങ്കിലും സീവാഷിംഗ് നിർത്തലാക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ എകദേശം 2.5 കി.മീ. ദൈർഘ്യമുള്ള കടൽതീരത്ത് ഖനനം നടന്നുവരുന്നതായും അനുവദനീയമായ അളവിൽ മാത്രമാണ് ഖനനം നടത്തുന്നതെന്നും കടൽ അകത്തേക്ക് കയറിയ പ്രദേശത്ത് 10 കോടി രൂപ മുതൽ മുടക്കി മദ്രാസ് ഐ.ഐ.റ്റി ഡിസൈൻ ചെയ്ത ഗ്രോയിൻ നിർമ്മാണം നടന്നുവരുന്നുവെന്നും പ്രവൃത്തി പൂർത്തിയായാൽ അവിടുത്തെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകും എന്നുമുള്ള IREL പ്രതിനിധിയുടെ അഭിപ്രായം ഈ കമ്പനിയുടെ നിയമലംഘന പ്രവർത്തനങ്ങൾക്കെതിരെ ഉണ്ടായ ജനവികാരത്തിന്റെ പ്രതിഫലനമാണെന്ന് സമിതി വിലയിരുത്തുന്നു. അനുവദിക്കപ്പെട്ട അളവിലും, സ്ഥലങ്ങളിലും തന്നെയാണ് ഖനനം നടക്കുന്നത് എന്നുറപ്പാക്കാൻ നിലവിൽ സംവിധാനമില്ലെന്നും സർക്കാർ ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു മേൽനോട്ട സമിതി ഇക്കാര്യത്തിലുണ്ടാകണമെന്നും സമിതി നിരീക്ഷിക്കുന്നു.

## ശിപാർശകൾ

1. IREL -ന്റെ ഖനനപ്രവർത്തനം നിരീക്ഷിക്കുന്നതിന് ഭൂജലവകുപ്പിന്റെ കീഴിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ സർക്കാർ ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു മേൽനോട്ട സമിതിക്ക് രൂപം നൽകണമെന്നും, അപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതി, ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യണമെന്നും വ്യവസ്ഥാലംഘനങ്ങൾ സംഭവിക്കുന്ന പക്ഷം ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
2. ആലപ്പാട് മേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകിയപ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകളും ബന്ധപ്പെട്ട കമ്പനികൾ നിർബന്ധമായും പാലിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകൾ ഇത്

കൃത്യമായി നിരീക്ഷിക്കണമെന്നും, ഖനനം നടന്ന പ്രദേശങ്ങളിൽ കടലാക്രമണമുണ്ടാകാതിരിക്കാനുള്ള പുലിമുട്ട് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. കമ്പനി മണൽ വാരുന്നതനുസരിച്ച് മറ്റ് പ്രദേശത്തെ മണൽതിട്ടകൾ ഇവിടെ വന്നടിയുന്നുണ്ട്. വീണ്ടും അത് കോരിയെടുക്കുന്നത് അശാസ്ത്രീയമാണെന്ന് സമിതി വിലയിരുത്തുന്നു. ഖനന പ്രദേശത്തെ ഭൂവിസ്തൃതി കുറയുന്നതൊഴിവാക്കാൻ സീവാഷിംഗിന് ആറുമാസത്തിൽ കുറയാതെയുള്ള ഇടവേളകൾ നൽകണമെന്നും അതിനനുസരിച്ചുള്ള പുതിയ ഉപാധികൾ വ്യവസ്ഥ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. കരിമണൽ ഖനനം പാടെ ഒഴിവാക്കേണ്ടതാണെന്ന അഭിപ്രായം സമിതിക്കില്ല. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കരിമണൽ ഖനനം നടത്തുന്നതിന് പൊതുസമൂഹം എതിരല്ലാത്തതിനാൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജനങ്ങളുടെ ജീവനും സ്വത്തിനും, തൊഴിലവസരങ്ങൾക്കും ഹാനി വരാത്ത തരത്തിലുമുള്ള ഖനനം മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. കരിമണൽ ഖനനം സംബന്ധിച്ച് IREL എന്ന പൊതുമേഖലാ സ്ഥാപനത്തിനെതിരെയുള്ള സമീപവാസികളുടെ പരാതി പരിഹരിക്കുന്നതിനും, കമ്പനി നടത്തുന്ന ചട്ടലംഘനങ്ങൾ തിരുത്തി പൊതുസമൂഹത്തിന്റെ എതിർപ്പ് ക്ഷണിച്ചു വരുത്താത്ത രീതിയിലുള്ള പ്രവർത്തന ശൈലി രൂപപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകണമെന്നും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം അത് നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. കരിമണൽ ഖനനം നടന്ന ഭാഗത്തെ മണ്ണൊലിപ്പ് തടയുന്നതിന് ജലവിഭവ വകുപ്പുമായി ചേർന്ന് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കണമെന്നും പരിസ്ഥിതി നാശം സംഭവിച്ചിട്ടുള്ള പ്രദേശങ്ങളിൽ കണ്ടൽവനങ്ങളും ജലസ്രോതസ്സുകളും പുനഃസൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. ആലപ്പാട് പഞ്ചായത്തിൽ ഉപ്പുവെള്ളം കയറി നശിച്ചുപോയ കൃഷിയിടങ്ങളുടെ കണക്ക് പരിശോധിക്കുകയും കൃഷിനാശം സംഭവിച്ച ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കരിമണൽ ഖനനം നടത്തുന്ന മേഖലയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം പോലെ തന്നെ IREL എന്ന പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്തേണ്ടതും അനിവാര്യമായതിനാൽ, അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിൽ കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനനം നടത്തുന്ന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്കായും ചെലവഴിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
10. മണൽ ഖനനം നടക്കുന്ന സ്ഥലത്തെ ഭൂവിസ്തൃതി നഷ്ടപ്പെടാതിരിക്കുന്നതിനും കടൽവെള്ളം കയറി കൃഷിനാശം സംഭവിക്കാതിരിക്കുന്നതിനും ശാസ്ത്രീയപഠനം നടത്തി അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
11. കരിമണൽ ഖനനംമൂലം ഭൂമി, തൊഴിൽ, വാസസ്ഥലം എന്നിവ നഷ്ടപ്പെട്ട ആലപ്പാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2018 ഫെബ്രുവരി, 2.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.